**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1478** **28-07-2021 - ൽ മറുപടിയ്ക്ക്**

**പോക്സോ കോടതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. Pinarayi Vijayan (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര പോക്സോ കോടതികൾ നിലവിലുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് 28 താൽകാലിക അതിവേഗ പ്രത്യേക കോടതികൾ പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു. എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ അഡീഷണൽ സ്പെഷ്യൽ കോർട്ട്, പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി അടുത്ത കാലത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഓരോ ജില്ലയിലേയും അനുബന്ധം (2) ആയി ചേർത്തിരിക്കുന്ന കോടതികളെ പോക്സോ നിയമം സെക്ഷൻ 28(1) പ്രകാരം ചൈൽഡ് റൈറ്റ് ആക്ട് 2005 സംരക്ഷിക്കുന്നതിനായി പ്രത്യേക പോക്സോ കോടതികളായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കോടതികളിൽ നിലവിൽ തീരുമാനമാകാതെ കിടക്കുന്ന കേസ്സുകളുടെ എണ്ണം എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ബി) | പോക്സോ കോടതികളിൽ നിലവിൽ തീരുമാനമാകാതെ കിടക്കുന്ന കേസ്സുകളുടെ ജില്ല തിരിച്ചുള്ള എണ്ണം താഴെ ചേർക്കുന്നു. തിരുവനന്തപുരം - 1000 കൊല്ലം - 682 പത്തനംതിട്ട - 335 ആലപ്പുഴ - 516 കോട്ടയം - 514 ഇടുക്കി - 588 എറണാകുളം - 651 തൃശ്ശൂർ - 1325 പാലക്കാട് - 619 മലപ്പുറം - 613 കോഴിക്കോട് - 1213 വയനാട് - 262 കണ്ണൂർ - 860 കാസർകോട് - 472 |
| (സി) | പോക്സോ കോടതി തീരുമാനങ്ങളിലെ കാലതാമസവും പ്രസ്തുത കാലതാമസം കാരണം നീതി യഥാസമയം ലഭ്യമാകാത്ത അവസ്ഥയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | പോക്സോ കോടതികളിൽ നിലവിൽ തീരുമാനമാകാതെ കിടക്കുന്ന കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി സംസ്ഥാനത്ത് 28 താൽകാലിക അതിവേഗ പ്രത്യേക കോടതികൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. പ്രസ്തുത കോടതികളുടെ പ്രവർത്തനം മൂലം കാലതാമസം ഒരു പരിധി വരെ ഒഴിവാക്കാൻ സാധിക്കുന്നതാണ്. |
| (ഡി) | എങ്കിൽ പ്രസ്തുത കാലതാമസം ഒഴിവാക്കി | (ഡി) | പോക്സോ കോടതികളിൽ നിലവിൽ |

| | | | |
|---|---|---|---|
| | ഇരകൾക്ക് കാലതാമസമില്ലാതെ കൃത്യമായി നീതി ഉറപ്പാക്കുവാനായി എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | | തീരുമാനമാകാതെ കിടക്കുന്ന കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായാണ് സംസ്ഥാനത്ത് 28 താൽകാലിക അതിവേഗ പ്രത്യേക കോടതികൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. പ്രസ്തുത കോടതികളുടെ പ്രവർത്തനം മൂലം കാലതാമസം ഒരു പരിധി വരെ ഒഴിവാക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ